16595
30/11/15

# കേരള സർക്കാർ

സംഗ്രഹം

സി.എസ്.ഐ.എൻ.ഡി- തീരദേശ കപ്പൽ ഗതാഗതത്തിന് അനുവദിച്ചിട്ടുള്ള സബ്സിഡി ഉൾനാടൻ ജലഗതാഗതത്തിന് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം. 2/2015/സി.എസ്.ഐ.എൻ തീയതി, തിരുവനന്തപുരം 27/11/2015.

---

പരാമർശം:- 1) 16-01-2013 ലെ സ.ഉ(സാധാ)നം. 24/2013/എഫ് & പി.ഡി.
2) 10-10-2014, 22-12-2014 തീയതികളിലെ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) പി.എൽ-4-40960/2013 നം. കത്തുകൾ.

## ഉത്തരവ്

പരാമർശം 1 - ലെ സർക്കാർ ഉത്തരവ് (സാധാ) പ്രകാരം തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs 1/ടൺ/ കി.മീ നിരക്കിലും, ഒരു യാത്രക്കാരന് Rs 1/ കി.മീ നിരക്കിലും സബ്സിഡി/ഓപ്പറേഷണൽ ഇൻസെന്റീവ് അനുവദിച്ച് ഉത്തരവാകുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിൽ ഉൾനാടൻ ജലഗതാഗതമാർഗ്ഗം മുഖേനയുള്ള ചരക്കുഗതാഗതത്തെപ്പറ്റി പ്രതിപാദിച്ചിരുന്നില്ല. 09-10-2013-ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേശീയ ജലപാത-III ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് കൂടിയ യോഗത്തിൽ ഉൾനാടൻ ജലഗതാഗതമാർഗ്ഗം മുഖേനയുള്ള ചരക്കുഗതാഗതത്തിന് സബ്സിഡി നൽകുന്നത് സംബന്ധിച്ചുള്ള ശുപാർശ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ജലവിഭവ വകുപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി.

അതിനനുസൃതമായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഉൾനാടൻ ജലഗതാഗതമാർഗ്ഗം മുഖേനയുള്ള ചരക്കുഗതാഗതത്തിന് സബ്സിഡി നൽകുന്നത് സംബന്ധിച്ചുള്ള ഒരു സമഗ്രമായ ശുപാർശ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി. പ്രതിവർഷം ഉദ്ദേശം 3 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നും പ്രസ്തുത ചെലവ് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ XLI-ഗതാഗതം എന്ന ഡിമാന്റിൽ 5075 എന്ന മേജർ ഹെഡിൽ ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ച് ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ച്, ഉൾനാടൻ ജലഗതാഗതം മുഖേനയുള്ള ചരക്കു നീക്കത്തിന് **Rs 1/ton/കി.മീ** നിരക്കിൽ തുടക്കത്തിൽ **2** വർഷത്തേക്ക് സബ്സിഡി നൽകണമെന്ന ശുപാർശയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(1) സബ്സിഡി ലഭിക്കുന്നതിനുള്ള കുറഞ്ഞ ദൈർഘ്യം **20** കി.മീ ആയിരിക്കും.

(2) ദേശീയ ജലപാത, സംസ്ഥാന ജലപാത, ഫീഡർ കനാൽ തുടങ്ങിയവ ഗതാഗത യോഗ്യമാകുന്ന മുറയ്ക്ക് സബ്സിഡി ലഭ്യമാകുന്നതാണ്.

(3) **ഇൻലാന്റ് വെസ്സൽ ആക്ട് 1917** പ്രകാരമോ **ഇൻലാന്റ് വെസ്സൽ റൂൾ 2010** പ്രകാരമോ കേരളത്തിലോ, ഇന്ത്യയിൽ മറ്റെവിടെയെങ്കിലുമോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും, **50 tonn,** Minimum Gross Tonnage (GRT) കപ്പാസിറ്റി ഉള്ളതും Mechanically Self Propelled (SPU) യാനങ്ങൾക്കുമായിരിക്കും സബ്സിഡിക്ക് അർഹത ഉണ്ടായിരിക്കുന്നത്.

(4) ദേശീയ ജലപാതയിൽ ഡയറക്ടർ, IWAI യും സംസ്ഥാന ജലപാതയിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ മുഖേനയും ചരക്കുകൾ സാക്ഷ്യപ്പെടുത്തുന്നതായിരിക്കും.

(5) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) ആയിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. വി.കെ.ബേബി. ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം
ഡയറക്ടർ, ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)
ധനകാര്യ വകുപ്പ് ( 08-09-2015 തീയതിയിലെ കുറിപ്പ് നം. 52133/IND&PWB3/15/Fin )
ഐ&പി.ആർ (വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ) വകുപ്പ് (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ